കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യ ഡയറക്ടറേറ്റിലെയും മൂന്ന് മേഖലാ ഓഫീസുകളിലെയും കമ്പ്യൂട്ടർവൽക്കരണം - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 1363/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 30/03/2016

പരാമർശം - (1) 22/7/2014.-ലെ സ.ഉ.(സാധാ) നം.1914/2014/തസ്വഭവ. നമ്പർ ഉത്തരവ്

(2) 2/3/2015, 16/3/2016- എന്നീ തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഡി.സി.3- 4710/14 നമ്പർ കത്തുകൾ.

## ഉത്തരവ്

നഗരകാര്യ ഡയറക്ടറേറ്റിലും മൂന്ന് മേഖലാ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണത്തിനായി 2014-15 സാമ്പത്തികവർഷം 20 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിരുന്നതായും എന്നാൽ കേബിളിംഗ് & നെറ്റ് വർക്കിംഗിനായി ജില്ലാ പഞ്ചായത്തിന് നൽകിയ 14 ലക്ഷം രൂപയും പാർട്ടീഷ്യന് വേണ്ടി വരുന്ന 5,87,570 രൂപ ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റത്തിന് വേണ്ടിവരുന്ന 1,98,840/- രൂപയും ചേർത്ത് ആകെ 21,86,410/- രൂപ ചെലവ് വരുമെന്നും ആയതിനാൽ ഭരണാനുമതി ലഭിച്ച 20 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി വേണ്ടിവരുന്ന 1,86,410/- രൂപയ്ക്കുള്ള ഭരണാനുമതി നൽകണമെന്നാണ് നഗരകാര്യ ഡയറക്ടർ പരാമർശം (2) -ലെ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നഗരകാര്യ ഡയറക്ടറേറ്റിലെയും മൂന്ന് മേഖലാ ഓഫീസുകളിലെയും കമ്പ്യൂട്ടർവൽക്കരണത്തിനായി പരാമർശം (1) പ്രകാരം അനുവദിച്ച 20 ലക്ഷം രൂപയ്ക്ക് പുറമെ അധികമായി വേണ്ടിവരുന്ന 1,86,410/- രൂപ കൂടി ചേർത്ത് ആകെ 21,86,410/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതിനുവേണ്ടി വരുന്ന തുക 2015-16-ലെ 2217-800-001-95 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എ പി എം മുഹമ്മദ് ഹനിഷ്

ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്